## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3976 | 11.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ജില്ലാതലത്തിൽ അംഗൻവാടികൾക്ക് ഏകീകരിച്ച ഭക്ഷണക്രമം** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) ജില്ലകളിലെ ഓരോ അംഗൻവാടിയിലും വ്യത്യസ്ത രീതിയിലാണ് മെനു നിശ്ചയിച്ച് തയ്യാറാക്കുന്നത് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ജില്ലാതലത്തിൽ ഏകീകരിച്ച ഭക്ഷണക്രമം (മെനു) നടപ്പിലാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ? | ബി) ജില്ലാതലത്തിൽ ഏകീകരിച്ച ഭക്ഷണക്രമം (മെനു) തയ്യാറാക്കിയിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അങ്കണവാടികളിൽ നടപ്പാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതിയുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ഓരോ പഞ്ചായത്തും ടി പദ്ധതിയ്ക്കായി വിലയിരുത്തിയിട്ടുള്ള തുകയുടേയും പ്രാദേശിക താൽപര്യങ്ങളുടേയും, ഭക്ഷ്യ വസ്തുക്കളുടെയും ലഭ്യതയുടെ അടിസ്ഥാനത്തിൽ അങ്കണവാടികളിലെ 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടേയും (3 നേരം) ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് നൽകുന്ന ഭക്ഷണങ്ങൾ വ്യത്യസ്ഥപ്പെട്ടിരിക്കുന്നു. ഓരോ പഞ്ചായത്തും നൽകുന്ന ഭക്ഷണ ക്രമത്തിൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പ്രോട്ടീൻ, കലോറി എന്നിവ (6 മാസം മുതൽ 6 വയസ്സ് വരെ - |

| | |
|---|---|
| | 12-15 gm Protein, 500 Kcal) ഉറപ്പ് വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് 'അമൃതം ന്യൂട്രിമിക്സ്' എന്ന ഏകീകൃത ഭക്ഷണ പദാർത്ഥം നൽകി വരുന്നു. ഓരോ പ്രദേശത്തേയും പ്രാദേശിക താൽപര്യങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കുന്ന-തിനാലാണ് മറ്റ് വിഭാഗങ്ങൾക്ക് (3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ) ഏകീകൃത ഭക്ഷണക്രമം അവലംബിക്കാത്തത്. |

സെക്ഷൻ ഓഫീസർ